# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4778 | | 26.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ശുചിത്വ മാലിന്യ സംസ്കരണത്തിനായി കൂടുതൽ പദ്ധതി വിഹിതം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.എൻ.എ ഖാദർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണത്തിനായി കൂടുതൽ പദ്ധതി വിഹിതം വകയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശുചിത്വ - മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ പൊതു വിഹിതം 10% -വും നഗരസഭകളുടെ പ്ലാൻ ഫണ്ടിൽ പൊതു വിഹിതം 15% -വും വകയിരുത്തുന്നതിനു നിർദേശം നൽകിയിട്ടുണ്ട്. ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ശുചിത്വ മിഷൻ പ്ലാൻ ഫണ്ടിൽ 2018-19 സാമ്പത്തിക വർഷം 5200 ലക്ഷം രൂപ വകയിരുത്തിയ സ്ഥാനത്ത് ഈ സാമ്പത്തികവർഷത്തിൽ (2019-20) 7500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക് അടക്കമുള്ള പാഴ് വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും പുനഃചംക്രമണത്തിനും റോഡ് ടാറിംഗിനുമായി ഉപയോഗപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) & (സി) | ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ രൂപീകരിക്കുന്ന ഹരിതകർമസേന എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും സ്ഥാപിക്കുന്ന മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ (എം.സി.എഫ്.) അത് തത്കാലം സംഭരിക്കുന്നതിനും അവിടെ നിന്ന് നഗരസഭ-ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ (ആർ.ആർ.എഫ്.) എത്തിച്ച് പുനരുപയോഗത്തിനും പുനഃചംക്രമണത്തിനും വിധേയമാക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി വരുന്നു. 603 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 505 എം.സി.എഫുകൾ പ്രവർത്തനം ആരംഭിക്കുകയും 174 എണ്ണം നിർമ്മാണ ഘട്ടത്തിലുമാണ്. ആകെ 263 ആർ.ആർ.എഫുകളാണ് സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ആവശ്യമുള്ളത്. നാളിതുവരെ 107 എണ്ണം പ്രവർത്തനം ആരംഭിച്ചു.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകളിൽ ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിച്ച് തദ്ദേശസ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പും നിലവിൽ റോഡുപണികൾ ചെയ്യുന്നുണ്ട്. |
| (സി) | പ്ലാസ്റ്റിക് അടക്കമുള്ള പാഴ് വസ്തുക്കളുടെ സംഭരണത്തിന് സംവിധാനമൊരുക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ